**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2560** **27-02-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ചാർജ്ജിന് ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജിന് ഇളവ് അനുവദിച്ചിട്ടുള്ള വിഭാഗങ്ങൾ ഏതൊക്കെയാണ്; വിശദാംശം വെളിപ്പെടുത്താമോ; | (എ) | സംസ്ഥാനത്ത്, വൈദ്യുതി ചാർജ്ജിൽ താഴെ പറയുന്ന ഇളവുകളാണ് ഉപഭോക്താക്കൾക്ക് നൽകി വരുന്നത്.<br><br>i) പ്രതിമാസം 30 യൂണിറ്റ് വരെ ഉപഭോഗമുള്ള 500 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡുള്ള സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥ യിലുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി വൈദ്യുതി സൗജന്യമായാണ് നൽകി വരുന്നത്.<br><br>ii) പ്രതിമാസം 40 യൂണിറ്റ് വരെ ഉപഭോഗമുള്ള,1000 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി യൂണിറ്റൊന്നിന് 1.50 രൂപാ നിരക്കിൽ നൽകി വരുന്നു.<br><br>iii) കൂടാതെ പ്രതിമാസം 41 മുതൽ 50 യൂണിറ്റ് വരെ ഉപഭോഗമുള്ള, 1000 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി, വൈദ്യുതി യൂണിറ്റൊന്നിന് 1.50 രൂപാ നിരക്കിൽ നൽകി വരുന്നു.<br><br>iv) ജീവൻരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്ന രോഗികൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി, വൈദ്യുതി സൗജന്യമായി നൽകി വരുന്നു.<br><br>v) സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്ക്, കേരളാ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 25.07.2012- ലെ ഉത്തരവ് പ്രകാരമുള്ള താരിഫ് വർദ്ധനവിൽ നിന്നും ഒഴിവാക്കാനാണ് ഗവൺമെന്റ് സബ്സിഡി നൽകി തുടങ്ങിയത്. ടി സബ്സിഡി ഇപ്പോഴും തുടരുന്നു. ഇത് പ്രതിമാസം 40 യൂണിറ്റ് വരെ യൂണിറ്റൊന്നിന് 35 പൈസയും 41 |

| | | | |
|---|---|---|---|
| | | | യൂണിറ്റ് മുതൽ 120 യൂണിറ്റ് വരെ യൂണിറ്റൊന്നിന് 50 പൈസയും ആണ്. പ്രതിമാസം 120 യൂണിറ്റ് വരെ ഉപഭോഗമുള്ള സിംഗിൾ ഫേസ് ഗാർഹിക ഉപഭോക്താക്കൾക്ക് 20 രൂപ ഫിക്സഡ് ചാർജ് ഇനത്തിൽ സബ്സിഡി നൽകി വരുന്നുണ്ട്.<br><br>vi)ലോ ടെൻഷൻ വിഭാഗത്തിൽപ്പെടുന്ന കാർഷിക ഉപഭോക്താക്കൾക്ക് യൂണിറ്റിന് 85 പൈസാ നിരക്കിലാണ് സബ്സിഡി നൽകി വരുന്നത്.<br><br>vii)1000 വാട്സ് കണക്റ്റഡ് ലോഡുള്ള BPL കുടുംബങ്ങളിൽ ക്യാൻസർ രോഗികൾ, പോളിയോ/ അപകടം എന്നിവയാൽ സ്ഥിരമായി അംഗപരിമിതി ഉള്ളവർ ഉണ്ടെങ്കിൽ 2 മാസം 200 യൂണിറ്റ് വരെ 1.50 രൂപ നിരക്കിൽ നൽകുന്നു.<br><br>viii) എൻഡോസൾഫാൻ ദുരിത ബാധിതർക്ക് 2 മാസം 300 യൂണിറ്റ് വരെ 1.50 രൂപ നിരക്കിൽ നൽകുന്നു. എല്ലാ വിഭാഗത്തിലുമായി ഏകദേശം 72 ലക്ഷം ഉപഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം ലഭിക്കുന്നു. |
| (ബി) | ആരാധനാലയങ്ങൾക്ക് വൈദ്യുതി ചാർജ്ജിനത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (ബി) | നിലവിൽ ആരാധനാലയങ്ങൾക്ക് LT VI (A) എന്ന താരിഫിലാണ് ബില്ലുകൾ നൽകി വരുന്നത്. ഗവൺമെന്റ് വിദ്യാലയങ്ങളും ആശുപത്രികളും ഇതേ താരിഫ് കാറ്റഗറിയിലാണ് ഉൾപ്പെട്ടിരിക്കുന്നത്. നിലവിൽ ആരാധനാലയങ്ങളിൽ നിന്ന് പ്രതിമാസം കിലോവാട്ടൊന്നിന് ഫിക്സഡ് ചാർജ്ജായി 70 രൂപയും, എനർജി ചാർജ്ജായി പ്രതിമാസം 500 യൂണിറ്റ് വരെ 5.80രൂപയും, 500 യൂണിറ്റിനു മുകളിൽ 6.65 രൂപയുമാണ് ഈടാക്കി വരുന്നത്. നിലവിലെ താരിഫ് ഉത്തരവ് പ്രകാരം പ്രത്യേക ഇളവുകൾ ഈ വിഭാഗത്തിന് ഇല്ലെങ്കിലും വാണിജ്യ വിഭാഗം ഉപഭോക്താക്കളുമായും, ഗവൺമെന്റ് ഓഫീസുകളുമായും താരതമ്യപ്പെടുത്തുമ്പോൾ ആരാധനാലയങ്ങളുടെ വൈദ്യുതി ചാർജ് കുറവാണെന്ന് കാണാം. |
| (സി) | സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജിനത്തിൽ ഭീമമായ കുടിശിക വരുത്തിയിട്ടുള്ള വിവിധ സർക്കാർ സ്ഥാപനങ്ങളുടെയും പൊതുമേഖല സ്ഥാപനങ്ങളുടെയും വിശദാംശം വെളിപ്പെടുത്താമോ; ഈ കുടിശിക എഴുതിത്തള്ളാൻ ആലോചിയ്ക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (സി) | ഭീമമായ കുടിശ്ശികയുള്ള സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ 31.12.2022 വരെയുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.ഈ കുടിശ്ശിക എഴുതിതള്ളുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**Details of arrears of Major Government Departments / State Public Sector Undertaking wise are given below:-**

| MAJOR STATE GOVERNMENT DEPARTMENT ARREAR AS ON 31.12.2022 | | |
|---|---|---|
| **Sl. No** | **Department** | **Total** |
| 1 | Police | 510179919 |
| 2 | Irrigation and Administration | 199947479 |
| 3 | Health Service | 191748826 |
| 4 | Medical Colleges - Med.Edn. Dept | 168392221 |
| 5 | Revenue Department | 5277515 |

| Major arrear consumers under State Public Sector Undertakings as on 31.12.2022 (Without Interest) | | |
|---|---|---|
| **Sl. No.** | **Department** | **Total** |
| 1 | Kerala Water Authority | 12931354279 |
| 2 | Autokast Limited | 804308060 |
| 3 | Kerala Ceramics Limited (New) | 254226290 |
| 4 | Malabar Spinning and Weaving Limited | 116303521 |
| 5 | Edarikode Textiles, Malappuram | 79358935 |
| 6 | Komalapuram Textiles Spiinningand Weaving Unit | 64305364 |
| 7 | Steel Complex Limited | 57566356 |
| 8 | Kottayam Textiles, Vedgiri, Kottayam | 42467711 |
| 9 | Prabhuram Mills, Mulakkuzha | 40510264 |
| 10 | Alind, Kundara | 38850674 |
| 11 | Alind Steel Plant, Kundara | 37518935 |
| 12 | Kerala Ceramics Limited (Old) | 28738559 |
| 13 | Trivandrum Spinning Mills Limited (Industrial Department) | 25835113 |
| 14 | Sitaram Textiles Limited, Thrissur | 23588589 |
| 15 | Travancore Cements | 19035952 |
| 16 | Kerala State Salicylates & Chemicals Limited | 14523272 |

റോഷി അഗസ്റ്റിൻ